OFFICE OF THE DIRECTOR OF TECHNICAL EDUCATION
24 AUG 2024
THIRUVANANTHAPURAM-33

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസം - സമാശ്വാസ തൊഴിൽ ദാന പദ്ധതി - എഴുകോൺ സർക്കാർ പോളിടെക്നിക് കോളേജിൽ ട്രേഡ് ഇൻസ്ട്രക്ടർ ആയി സേവനമനുഷ്ഠിക്കേ മരണപ്പെട്ട അബ്ദുൾ സമദ്.എ യുടെ മകൻ ശ്രീ മുഹമ്മദ് സുഹൈൽ.എ- യ്ക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ്സ്മാൻ (വെൽഡിംഗ്) തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്

സ.ഉ.(കൈ) നം.518/2024/HEDN  തീയതി,തിരുവനന്തപുരം, 21-08-2024

പരാമർശം:- 1) 24.5.1999 തീയതിയിലെ ജി.ഒ(പി)നം.12/99/ഉഭപവ .

2) 18.11.1999 തീയതിയിലെ ജി.ഒ(പി)നം.24/99/ഉഭപവ .

3) 15.7.2002 തീയതിയിലെ ജി.ഒ(പി)നം.37/2002/ഉഭപവ.

4) 12.4.2010 തീയതിയിലെ ജി.ഒ(പി)നം.14/2010/ഉഭപവ .

5) 26.9.2014 തീയതിയിലെ ജി.ഒ(പി)നം. 33/2014/ഉഭപവ .

6)25.7.2015 തീയതിയിലെ ജി.ഒ(പി)നം.23/2015/ഉഭപവ.

7)16.11.2022 തീയതിയിലെ ശ്രീ.മുഹമ്മദ് സുഹൈൽ.എ-യുടെ അപേക്ഷ.

8)24.12.2022 തീയതിയിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ EB2/51652/22/ഡിടിഇ നമ്പർ കത്ത്.

9)18.11.2023, 19.1.2024, 1.8.2024 തീയതികളിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ EB2/51652/22/ഡിടിഇ നമ്പർ കത്തുകൾ.

10)കൊല്ലം ജില്ലാ കളക്ടറുടെ 31.7.2023-ലെ DCKLM/3269/2023-S4നമ്പർ കത്ത്.

### ഉത്തരവ്

എഴുകോൺ സർക്കാർ പോളിടെക്നിക് കോളേജിൽ ട്രേഡ് ഇൻസ്ട്രക്ടർ ആയി സേവനമനുഷ്ഠിക്കേ 23.7.2022-ൽ മരണപ്പെട്ട അബ്ദുൾ സമദ്.എ യുടെ മകനായ ശ്രീ. മുഹമ്മദ് സുഹൈൽ.എ യ്ക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരാമർശം (7) പ്രകാരം നല്കിയ അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (8)ലെ കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ടിയാന്റെ അപേക്ഷയിന്മേൽ വിശദമായ അന്വേഷണം നടത്തി കൊല്ലം ജില്ലാ കളക്ടർ, ടിയാന് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് നിയമാനുസൃതം പരിഗണിക്കാവുന്നതാണെന്നു പരാമർശം(10)പ്രകാരം ശിപാർശ ചെയ്തിരുന്നു.

2)എന്നാൽ, ജോലിയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന സമയത്ത്, എസ്.എസ്.എൽ.സി. മാത്രമായിരുന്നു ശ്രീ.മുഹമ്മദ് സുഹൈലിന്റെ യോഗ്യത. നിലവിൽ ടിയാൻ ഐ.ടി.ഐ വെൽഡർ ട്രേഡ് പാസായിട്ടുള്ളതിനാൽ, ടി യോഗ്യത പരിഗണിച്ചു ജോലി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കണമെന്നു ശ്രീ.മുഹമ്മദ് സുഹൈൽ എ അപേക്ഷിച്ചിരിക്കുന്നു. അപേക്ഷകൻ നിയമനം ലഭിക്കുന്നതിനായി ഓപ്റ്റ് ചെയ്തിരുന്നത്, കൊല്ലം ജില്ലയിലാണ്. എന്നിരുന്നാലും, ശ്രീ.മുഹമ്മദ് സുഹൈൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഒഴിവ് റിപ്പോർട്ട് ചെയുന്ന ഏതു ജില്ലയിലാണെങ്കിലും ടിയാന് നിയമനം ലഭിക്കുന്നതിന് സമ്മതമാണ് എന്ന് അറിയിച്ചുകൊണ്ട് സമ്മതപത്രം ലഭ്യമാക്കിയിരുന്നു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം(9)ലെ റിപ്പോർട്ട് പ്രകാരം, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കൊല്ലം ജില്ലയിൽ നിലവിൽ ഒഴിവ് ഇല്ല എന്നും, ശ്രീ. മുഹമ്മദ് സുഹൈൽ. എ. യുടെ അപേക്ഷ പരിഗണിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ടിയാനെ ഈ വകുപ്പിൽ ട്രേഡ്സ്മാൻ (വെൽഡിംഗ്) തസ്തികയിൽ ടി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയിൽ നിലവിലുള്ള/ഭാവിയിലുണ്ടാകുന്ന ഒഴിവിൽ നിയമനം നൽകുന്നതിലേയ്ക്കുള്ള സർക്കാർ ഉത്തരവ് കാലതാമസം കൂടാതെ പുറപ്പെടുവിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, എഴുകോൺ സർക്കാർ പോളിടെക്നിക് കോളേജിൽ ട്രേഡ് ഇൻസ്ട്രക്ടർ ആയി സേവനമനുഷ്ഠിക്കേ **23.7.2022**- ൽ മരണപ്പെട്ട അബ്ദുൾ സമദ്.എ യുടെ മകൻ ശ്രീ. മുഹമ്മദ് സുഹൈൽ.എ-യ്ക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരമുള്ള എല്ലാ വ്യവസ്ഥകൾക്കും വിധേയമായും ടിയാളുടെ പ്രായവും വിദ്യാഭ്യാസ യോഗ്യതയും സ്വഭാവവും മെഡിക്കൽ ഫിറ്റ്നസും നിയമനാധികാരി അന്വേഷിച്ച് നിജപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായും, ട്രേഡ്സ്മാൻ (വെൽഡിംഗ്) തസ്തികയിൽ നിലവിലുള്ള/ഭാവിയിലുണ്ടാകുന്ന ഒഴിവിൽ പരാമർശം(1) ഉത്തരവിലെ **28,29** ഖണ്ഡികകളിലെ വ്യവസ്ഥയ്ക്കും അനുസൃതമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നല്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4)ഈ ഉത്തരവിന്റെ പകർപ്പ് പരേതനായ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ സൂക്ഷിക്കേണ്ടതും സേവനപുസ്തകത്തിലും മറ്റ് ബന്ധപ്പെട്ട രജിസ്റ്ററുകളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും അത് ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപേക്ഷകൻ വസ്തുതകൾ മറച്ചുവയ്ക്കുകയോ തെറ്റായ വിവരങ്ങൾ നല്കുകയോ ചെയ്താണ് നിയമനം നേടിയതെന്ന് ഭാവിയിൽ സർക്കാരിനോ നിയമനാധികാരിക്കോ ബോധ്യപ്പെട്ടാൽ നിയമനം റദ്ദാക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് എം
ജോയിന്റ് സെക്രട്ടറി

ശ്രീ.മുഹമ്മദ് സുഹൈൽ.എ, വട്ടവിള വീട്, കേരളപുരം, മാമൂട്, ചന്ദനത്തോപ്പ് പി.ഒ, കൊല്ലം 691014 (രജിസ്റ്റേർഡ് തപാൽ മുഖേന).

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കൊല്ലം.

പ്രിൻസിപ്പൽ, സർക്കാർ പോളിടെക്നിക് കോളേജ്, എഴുകോൺ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, കോട്ടയം.

www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Signed by
Geetha Lekshmi. G
Date: 21-08-2024 17:28:00